സ്റ്റേറ്റ് സർവ്വീസ്, സബോർഡിനേറ്റ് സർവ്വീസ് എന്നിവയിൽ നിന്നുകൂടി ഉദ്യോഗസ്ഥന്മാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്. 1998-ലെ കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി ചട്ടങ്ങൾക്ക് അനുബന്ധമായുള്ള പട്ടികയുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. †

കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകൾ

19 [1429] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ജീവനക്കാർ ഫയൽ ചെയ്തിട്ടുള്ള സർവ്വീസ് പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം എത്രയാണ് എന്ന് അറിയിക്കുമോ;

(സി) സർവ്വീസ് സംബന്ധമായ തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കാത്തതുമൂലം സർക്കാരിന് ഭീമമായ നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുവാൻ പ്രത്യേക കോടതി സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഹൈക്കോടതിയിൽ 1,42,501 കേസുകൾ 2-7-2004 വരെയും കീഴ്കോടതികളിൽ 6,66,197 കേസുകൾ 30-6-2004 വരെയും തീർപ്പാകാതെ ഉണ്ട്.

(ബി) സർക്കാർ ജീവനക്കാർ സർവ്വീസ് പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് 2-7-2004 വരെ 12,156 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(സി) നിയമവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

സ്റ്റാറ്റ്യൂട്ടറി റൂളുകളും ഓർഡറുകളും

20 [1430] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പ് എത്ര സ്റ്റാറ്റ്യൂട്ടറി റൂളുകളും ഓർഡറുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(ബി) ഇവയിൽ എത്ര എണ്ണം മേശപ്പുറത്ത് വച്ചിട്ടുണ്ട്; എത്ര എണ്ണം മേശപ്പുറത്ത് വയ്ക്കാനുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly